കില
വാർത്താപത്രിക

VOLUME-12
ISSUE-4
APRIL 2019

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

പാരസ്പര്യ പഠനവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച മൂന്നുദിവസത്തെ ദേശീയ ശില്പശാലയിൽ കില ഡയറക്ടർ **ഡോ. ജോയ് ഇളമൺ** സംസാരിക്കുന്നു

പാരസ്പര്യ പഠനത്തിനു കിലയിൽ ദേശീയ ശില്പശാല

പാരസ്പര്യ പഠനം (ഹൊറിസോണ്ടൽ ലേണിംഗ് പ്രോഗ്രാം -എച്ച്.എൽ.പി) സംബന്ധിച്ച മൂന്നുദിവസത്തെ ദേശീയ ശില്പശാല കിലയിൽ സംഘടിപ്പിച്ചു. പാരസ്പര്യ പഠന രീതിശാസ്ത്രം ദേശീയതലത്തിൽ വ്യാപിപ്പിക്കുന്നതിനും അതിനു ദേശീയ റിസോഴ്സ് ടീമിനെ വാർത്തെടുക്കുന്നതിനുമാണ് ശില്പശാല സംഘടിപ്പിച്ചത്. പാരസ്പര്യ പഠന രീതിശാസ്ത്രം പ്രചരിപ്പിക്കുന്നതിനു ശില്പശാലയിലെ പങ്കാളികൾ ശ്രദ്ധിക്കണമെന്നു സമാപനച്ചടങ്ങിൽ സംസാരിച്ച കില ഡയറക്ടർ ഡോ. ജോയ് ഇളമൺ പറഞ്ഞു. അതിനുവേണ്ട അക്കാദമിക പിന്തുണ നൽകാൻ കില തയ്യാറാണെന്നു അദ്ദേഹം അറിയിച്ചു. കോഴ്സ് ഡയറക്ടറും കില അസോസിയേറ്റ് പ്രൊഫസറുമായ ഡോ.ജെ.ബി.രാജൻ ശില്പശാലയ്ക്കു നേതൃത്വം നൽകി. എ.എസ്. പ്രതാപ് സിംഗും സുകന്യയും കോർഡിനേറ്റർമാരായിരുന്നു. ലോഗിൻ ഏഷ്യയുടെ സാങ്കേതിക സഹായത്തോടെ മാർച്ച് 12 മുതൽ സംഘടിപ്പിച്ച ശില്പശാലയിൽ വിവിധ സംസ്ഥാനങ്ങളിലെ റൂറൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലേയും പരിശീലന സ്ഥാപനങ്ങളിലേയും ഫാക്കൽറ്റികളാണ് പങ്കെടുത്തത്. കില അസോസിയേറ്റ് പ്രൊഫസർ ഡോ. പീററർ എം. രാജ്, അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ് എന്നിവർ റിസോഴ്സ് പേഴ്സൺമാരായിരുന്നു. ലോകബാങ്ക് കൺസൽട്ടന്റും ലോഗിൻ ഏഷ്യ പാരസ്പര്യ പഠനത്തിന്റെ വിദഗ്ദ്ധനുമായ ശാന്തനു ലാഹിരി സാങ്കേതിക പിന്തുണ നൽകി..

കേരളത്തിനു പുറമെ ജമ്മുകാശ്മീർ, ചത്തീസ്ഗഡ്, ഒഡീഷ, തമിഴ്നാട്, ഉത്തർപ്രദേശ്, കർണാടക. ത്രിപുര, സിക്കീം, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ളവരും ശില്പശാലയിൽ സംബന്ധിച്ചു. . കേരളത്തിൽനിന്നു പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ജോൽസ്യന, കുടുംബശ്രീയിലെ ഡോ. ഷാമിന, സിന്ധു എന്നിവർ പങ്കെടുത്തു. ചത്തീസ്ഗഡിലെ രണ്ടു ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും കർണാടകയിലെ ഒരു ഗ്രാമപഞ്ചായത്ത് അംഗവും ശില്പശാലയിൽ സംബന്ധിച്ചവരിലുൾപ്പെടും.

കിലയിൽ വിവരവിജ്ഞാന കേന്ദ്രം സജ്ജമാക്കുന്നു

കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെയു തദ്ദേശഭരണസംവിധാനത്തിന്റെയും ചരിത്രവും അനുഭവങ്ങളും രേഖപ്പെടുത്തുന്ന വിവര വിജ്ഞാനകേന്ദ്രം കില സജ്ജമാക്കുന്നു. പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട അറിവുകൾ, പുസ്തകങ്ങൾ, രേഖകൾ (ഓഡിയോ, വീഡിയോ അടക്കം), മാതൃകാപ്രവർത്തനങ്ങൾ എന്നിവ കൈവശമുള്ളവർ അക്കാര്യം കിലയിൽ അറിയിക്കാൻ താൽപര്യം. knowledge@kila.ac.in എന്ന ഇ-മെയിൽ വിലാസത്തിലാണ് വിവരമറിയിക്കേണ്ടത്. അറിയിക്കുന്ന മുറയ്ക്കു കിലയിൽനിന്ന് ആവശ്യാനുസരണം പ്രസ്തുത വ്യക്തിയെ ബന്ധപ്പെടുന്നതാണ്. 2019 മേയ് 31 നു മുമ്പ് കത്ത് അയയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവകുപ്പ്: വാർത്തകളും അറിയിപ്പുകളും

ലൈസൻസിന്റെ പേരുമാറ്റി ഉപയോഗിക്കണം

ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് പുതിയ ചട്ടം നിലവിൽ വന്നെങ്കിലും ഇപ്പോഴും ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ എന്ന പേരിലാണ് ലൈസൻസ് നൽകിക്കൊണ്ടിരിക്കുന്നത്. 31.10.2017 ൽ പേരുമാറ്റി ഉത്തരവായിട്ടും പഴയ പേരുതന്നെ ഉപയോഗിക്കുന്നതു ശരിയല്ല. ആയതിനാൽ ഇനി മുതൽ ലൈസൻസ് നൽകുമ്പോൾ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്ന് പേരിൽ നൽകണമെന്നു തദ്ദേശസ്വയംഭരണവകുപ്പ് അറിയിക്കുന്നു. അതുപോലെ ലൈസൻസിനു അഞ്ചുവർഷ കാലാവധി വരെ അനുവദിക്കാവുന്നതുമാണ്. (സർക്കുലർ നമ്പർ 75/ ആർ. ഡി.3/2019 തസ്വഭവ.29.3.19)

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ

പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾക്കുള്ള പുതുക്കിയ മാർഗ്ഗരേഖ തദ്ദേശസ്വയംഭരണവകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉയർന്ന ആയുർദൈർഘ്യവും ജീവിതശൈലിയിൽ വന്ന മാറ്റങ്ങളും ദീർഘകാല രോഗങ്ങളുടേയും മാറാരോഗങ്ങളുടേയും വാർദ്ധക്യസഹജമായ രോഗങ്ങളാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വർദ്ധിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിലാണ് നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ കാലാനുസൃതമായി പുതുക്കി പുറപ്പെടുവിച്ചത്. 7.3.2019 ൽ സ.ഉ. (സാധാ)553/2019 തസ്വഭവ. നമ്പറായിട്ടാണ് മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

കമ്പ്യൂട്ടറുകളും ഇലക്ട്രോണിക്ക് ഉപകരണങ്ങളും വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും പൊതുമേഖലാസ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, ലാപ്ടോപുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾ ഒരു ഓൺലൈൻ സർക്കാർ സംവിധാനത്തിലൂടെ വാങ്ങുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഐ.ടി. സെല്ലിന്റെ 1/26/2019/വി.സ.വ. 18/3/2019 സർക്കുലർ പ്രകാരമാണ് മാർഗ്ഗനിർദ്ദേശങ്ങൾ വന്നിട്ടുള്ളത്.

കോളനികളിൽ വാട്ടർ കിയോസ്ക്കുകൾ സ്ഥാപിക്കണം

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം നടത്തുന്നതിനു ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും തുക ചെലവഴിക്കുന്നതിനു യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം ജലവിതരണം നടത്തുമ്പോൾ എസ്.സി./എസ്.ടി/ മത്സ്യത്തൊഴിലാളികൾ എന്നിവർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അവിടത്തെ കുടുംബത്തിന്റെ എണ്ണത്തിനു ആനുപാതികമായി 500/1000 ലിറ്റർ സംഭരണശേഷിയുള്ള വാട്ടർ കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിനു തുക വിനിയോഗിക്കാൻ അനുമതി നൽകിയിരിക്കുന്നു. (സ.ഉ. (സാധാ) 800/2019/തസ്വഭവ. തീയതി 4.4.2019)

കിലയിലെ ഫിറ്റ്നെസ് സെന്റർ കില ഡയറക്ടർ ഉദ്ഘാടനം ചെയ്യുന്നു

ആരോഗ്യപരിപാലനത്തിനു ഫിറ്റ്നെസ് സെന്റർ തുടങ്ങി

കിലയിൽ പരിശീലനത്തിനെത്തുന്നവരുടേയും കില ജീവനക്കാരുടേയും ആരോഗ്യപരിപാലനത്തിനു ഫിറ്റ്നെസ് സെന്റർ ആരംഭിച്ചു. വ്യായമത്തിനുള്ള ആധുനിക സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുള്ള സെന്ററിന്റെ ഉദ്ഘാടനം കില ഡയറക്ടർ ഡോ.ജോയ് ഇളമൺ നിർവഹിച്ചു. ഡെപ്യൂട്ടി ഡയറക്ടർ പി.ബി.ഉഷ, ഫിനാൻസ് ഓഫീസർ ആർ.ഗിരിജാദേവി, സെക്ഷൻ ഓഫീസർ കെ.കെ.ബാബു, അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ്, ജീവനക്കാർ എന്നിവർ സംബന്ധിച്ചു. രാവിലേയും വൈകുന്നേരവും 5 മുതൽ 8 വരെയാണ് പ്രവർത്തനസമയം.

സംസ്ഥാനപദ്ധതി ചെലവിൽ സർവകാല റെക്കോർഡ്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ചെലവിൽ സർവകാല റെക്കോർഡ്. വാർഷിക പദ്ധതിയിൽ ചെലവഴിച്ചത് 92.78 ശതമാനം. 6721.91 കോടി രൂപയുടെ പദ്ധതി അടങ്കലിൽ 6236.35 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയായി. 1,76,440 പദ്ധതികളാണ് പൂർത്തിയാക്കിയത്. 44 ഗ്രാമപഞ്ചായത്തുകൾ പദ്ധതിവിഹിതം പൂർണമായും ചെലവഴിച്ചു. ബ്ലോക്ക് പഞ്ചായത്തുകളിൽ 20 എണ്ണം ഈ പട്ടികയിലുണ്ട്. പത്തെണ്ണം 99 ശതമാനമാണ് ചെലവിട്ടത്. ജില്ലാ പഞ്ചായത്തുകളിൽ വയനാടാണ് മുന്നിൽ. 96.42. ശതമാനം. കണ്ണൂരും തിരുവനന്തപുരവും 90 ശതമാനം കടന്നു. 18 മുനിസിപ്പാലിറ്റികളിൽ 90 ശതമാനത്തിനു മുകളിലാണ് പദ്ധതി ചെലവ്. കോഴിക്കോട് മുക്കം നഗരസഭ മൊത്തം തുകയും ചെലവിട്ടു. കോർപ്പറേഷനുകളിൽ കോഴിക്കോടാണ് മുന്നിൽ. 77.86 ശതമാനം.

യു.ഡി.എഫ് സർക്കാരിന്റെ അവസാന കാലത്ത് 2014-15 ൽ 68.21 ശതമാനം, 2015-16 ൽ 73.61 ശതമാനം, 2016-17 ൽ 67.08 ശതമാനം എന്നിങ്ങനെയായിരുന്നു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പദ്ധതി ചെലവ്. എൽ.ഡി.എഫ് സർക്കാർ വന്നതോടെ 2017-18 ൽ 85.44 ശതമാനത്തിലേക്കു കുതിച്ചുയർന്നു. കടുത്ത പ്രതിസന്ധികളെ മറികടന്നാണ് ഈ സാമ്പത്തികവർഷം റെക്കോർഡ് നേട്ടത്തിലേക്കു പദ്ധതിചെലവ് ഉയർന്നത്. വർഷാദ്യം തന്നെ പദ്ധതി രൂപീകരണം പൂർത്തീകരിച്ച് ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു. പ്രവർത്തനങ്ങൾ പുരോഗമിക്കവേയാണ് പ്രളയദുരന്തമുണ്ടായത്. പേമാരിയിൽ ജൂലൈ മുതൽ സെപ്തംബർ വരെ മൂന്നുമാസം പൂർണമായും പദ്ധതി പ്രവർത്തനങ്ങൾ സ്തംഭിച്ചു. എന്നിട്ടും സമയബന്ധിതമായി പദ്ധതികൾ ലക്ഷ്യത്തിലെത്തിക്കാനായി.

സംസ്ഥാനത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവ് 72 ശതമാനത്തിലെത്തി. 37,247 രൂപയുടെ മൊത്തം അടങ്കലിൽ 26,817.84 കോടി രൂപയാണ് മാർച്ച് 30 നു ശനിയാഴ്ച വൈകീട്ട് നാലുവരെയുള്ള ചെലവ്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 73 ശതമാനവും. ഇതിന്റെ ബഹുഭൂരിപക്ഷം വരുന്ന കേന്ദ്ര വിഹിതവും നിലവിൽ സംസ്ഥാനമാണ് വഹിച്ചത്. അന്തിമ കണക്കു വരുന്നതോടെ പദ്ധതി ചെലവിൽ വലിയ മുന്നേറ്റമുണ്ടാകുമെന്നാണ് ധനകാര്യവകുപ്പിന്റെ വിലയിരുത്തൽ. കടമെടുക്കുന്നതു തടയുന്നതടക്കമുള്ള കേന്ദ്രത്തിന്റെ കുത്സിത ശ്രമങ്ങളെ അതിജീവിച്ചാണ് ഈ നേട്ടം കൈവരിച്ചത്. കടമെടുപ്പു തടഞ്ഞതിലൂടെ പദ്ധതി നടത്തിപ്പിനാവശ്യമായ 5,800 കോടി രൂപ നിഷേധിച്ചു. തെരഞ്ഞെടുപ്പു കാലത്ത് സംസ്ഥാന സർക്കാരിനെ പ്രതിസന്ധിയിലാക്കുകയായിരുന്നു ലക്ഷ്യം. കൃത്യമായ ധനമാനേജ്മെന്റിലൂടെ വലിയ പ്രതിസന്ധിയിൽനിന്ന് സംസ്ഥാനം കരകയറി. സാമൂഹ്യക്ഷേമ-ക്ഷേമനിധി ബോർഡ് പെൻഷനുകൾ കൃത്യമായി വിതരണം ചെയ്തു.

ആലപ്പുഴ കനാൽ പുനരുദ്ധാരണപദ്ധതിയുടെ ആദ്യഘട്ടത്തിന്റെ
പൂർത്തീകരണത്തിന്റെ ഭാഗമായി പുനരുദ്ധരിച്ച ചാത്തനാട് തോടിന്റെ ഉദ്ഘാടനച്ചടങ്ങ്

ആലപ്പുഴ കനാൽ:ചാത്തനാട് തോടിന്റെ പുനരുദ്ധാരണം പൂർത്തിയായി

ആലപ്പുഴ കനാൽ പുനരുദ്ധാരണപദ്ധതിയുടെ ആദ്യഘട്ടത്തിന്റെ പൂർത്തീകരണത്തിന്റെ ഭാഗമായി പുനരുദ്ധരിച്ച ചാത്തനാട് തോടിന്റെയും നഗരസഭ കോളനിയിൽ പുതുതായി നിർമ്മിച്ച ജലമാലിന്യ സംസ്കരണപ്ലാന്റിന്റെയും ഉദ്ഘാടനം ധനകാര്യവകുപ്പുമന്ത്രി ഡോ. തോമസ് ഐസക് നിർവഹിച്ചു. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സെന്ററിന്റെ ഉദ്ഘാടനവും മന്ത്രിയാണ് നിർവഹിച്ചത്. പരിസരവാസികളെ ഉൾപ്പെടുത്തിക്കൊണ്ട് കനാലിന്റെ തുടർ സംരക്ഷണത്തിനായുള്ള കനാൽ കമ്മിറ്റിയുടെ രൂപീകരണവുമുണ്ടായി. ചാത്തനാട് മുനിസിപ്പൽ മൈതാനിയിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ നഗരസഭ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ.എ.എ.റസാഖ് അദ്ധ്യക്ഷത വഹിച്ചു. മുംബൈ ഐ.ഐ.ടിയിലെ പ്രൊഫസറും പ്രോജക്ട് കോർ ഡിനേറ്ററുമായ എൻ. സി. നാരായണൻ പദ്ധതിയുടെ ആമുഖവും ഇൻസ്പിറേഷൻ കമ്പനി മേധാവി ലത ജയഗോപാൽ മാലിന്യ സംസ്കരണപദ്ധതി റിപ്പോർട്ടും അവതരിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സംസാരിച്ചു. ഡിവിഷൻ കൗൺസിലർ റമീഷത്ത് സ്വാഗതമാശംസിച്ചു. നഗരസഭ കൗൺസിലർമാരായ ഡി.ലക്ഷ്മണൻ, കെ.ബാബു, നഗരസഭ സെക്രട്ടറി എസ്.ജഹാംഗിർ, ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവി എഞ്ചിനിയർ ഹരൻ ബാബു, മുൻ കൗൺസിലർ എ.എം.ഷാനവാസ്, പി.രാജേന്ദ്രൻ, ജയൻ തുടങ്ങിയവർ ആശംസകളിർപ്പിച്ചു. ചാത്തനാട് തോടിന്റെ മുഖം മാറ്റിയ ചുമർ ചിത്രങ്ങൾ വരച്ച ഹാർമണി സംഘത്തേയും പദ്ധതി യാഥാർത്ഥ്യമാക്കാൻ പരിശ്രമിച്ച കനാൽപ്പി (CANALPY) സംഘത്തേയും കില എഞ്ചിനിയർമാരേയും ചടങ്ങിൽ ആദരിച്ചു.

തൃശ്ശൂർ പൂരം പ്രദർശനനഗറിലെ കില പവലിയൻ
പ്രദർശനകമ്മിറ്റി ചെയർമാൻ കെ.സതീഷ് മേനോൻ ഉദ്ഘാടനം ചെയ്യുന്നു

ജെൻഡർ ഡിപ്ലോമ കോഴ്സിനു തുടക്കമായി

കിലയിലെ ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള ആറുമാസത്തെ ഡിപ്ലോമ കോഴ്സിനു തുടക്കമായി. ജെൻഡറും പ്രാദേശികഭരണവും എന്നതാണ് വിഷയം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും ജെൻഡർ അവബോധത്തോടെയായിരിക്കണമെന്ന ലക്ഷ്യത്തോടെയാണ് കോഴ്സ് ആരംഭിച്ചിട്ടുള്ളത്. കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനം, വികേന്ദ്രീകൃതാസൂത്രണം, ജെൻഡർ സൗഹൃദ തദ്ദേശഭരണം, ലിംഗപദവിയുലൂന്നിയ വികസനം, ആസൂത്രണം, ജെൻഡർ അനുബന്ധപ്ലാനിംഗ്, ബജറ്റിംഗ്, ഓഡിറ്റിംഗ്, തുടങ്ങിയ വിഷയങ്ങളാണ് കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ആമുഖപ്രഭാഷണം നടത്തി. കോഴ്സ് ഡയറക്ടർ ഡോ.കെ.പി.എൻ. അമൃത കോഴ്സിനെക്കുറിച്ച് വിശദീകരിച്ചു. അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ് സംസാരിച്ചു. ഡോ.അമൃതരാജ്, റിസ്മിയ, വിനീത എന്നിവർ നേതൃത്വം നൽകി. എഴുത്തുപരീക്ഷ പാസ്സായ 26 പേരെയാണ് കോഴ്സിനു തെരഞ്ഞെടുത്തിട്ടുള്ളത്.

പുതിയതായി നിയമനം ലഭിച്ച നഗരസഭ സെക്രട്ടറിമാർക്കു കിലയിൽ സംഘടിപ്പിച്ച ഒരു മാസത്തെ പ്രീസർവീസ് പരിശീലനം

നഗരസഭ സെക്രട്ടറിമാർക്കു പ്രീ–സർവീസ് പരിശീലനം

പുതിയതായി നിയമനം ലഭിച്ച നഗരസഭ സെക്രട്ടറിമാർക്കു ഒരു മാസത്തെ പ്രീ സർവീസ് പരിശീലനം കിലയിൽ സംഘടിപ്പിച്ചു. ഉദ്ഘാടനച്ചടങ്ങിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, കോഴ്സ് ഡയറക്ടർ പ്രൊഫ.ഡോ.സണ്ണി ജോർജ്, കോർഡിനേറ്റർ ടി.എസ്സെയ്ഫുദ്ദീൻ എന്നിവർ സംബന്ധിച്ചു.

നഗരഭരണവൽക്കരണം, നഗരവികസനം, നഗരഭരണചരിത്രം, കേരള മുനിസിപ്പൽ നിയമങ്ങളും ഭരണഘടനാവ്യവസ്ഥകളും, വാർഡ്സഭകളും വാർഡ് കമ്മിറ്റികളും, വിഭവസ്രോതസ്സുകൾ, നഗരസഭ സെക്രട്ടറിയുടെ ചുമതലകൾ, നികുതിനിർണയാധികാരം, വികേന്ദ്രീകൃതാസൂത്രണം, മുനിസിപ്പൽ എസ്റ്റാബ്ലിഷ്മെന്റ്, ബജറ്റ്, അക്കൗണ്ടിംഗ്, മാലിന്യപരിപാലം, കെട്ടിടനിർമ്മാണ ചട്ടങ്ങൾ, സിവിൽ രജിസ്ട്രേഷൻ, അയ്യങ്കാളി നഗരതൊഴിലുറപ്പുപദ്ധതി തുടങ്ങി ഒട്ടേറെ വിഷയങ്ങളെ ആസ്പദമാക്കിയായിരുന്നു പരിശീലനം. കെ.വി.അനിൽകുമാർ, പി.എം.ദേവരാജൻ, ആർ.ബാലഗംഗാധരൻ, പി.മുഹമ്മദാലി, കെ.എം.മുഹമ്മദാലി, എം.രേണുകുമാർ, സി.എം.അച്യുതാനന്ദനുണ്ണി, എം.ശങ്കരൻകുട്ടി, വിജയകൃഷ്ണൻ തുടങ്ങിയ പ്രമുഖർ പരിശീലനത്തിനു നേതൃത്വം നൽകി. മുണ്ടൂരിലെ ഐ.ആർ.ടി.സി കേന്ദ്രം സന്ദർശിച്ച സംഘാംഗങ്ങളോട് അവിടത്തെ മാലിന്യപരിപാലനവും സാങ്കേതികവിദ്യകളും സംബന്ധിച്ച് ഡോ.വി.ആർ.രഘുനന്ദൻ സംസാരിച്ചു. മൈസൂരിലെ ഹുൻസൂർ നഗരസഭയിലെ മാലിന്യസംസ്കരണപ്ലാന്റ്, കുമ്പാരകൊപ്പലുവിലെ സീറോ വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റ്, കൊച്ചി മെട്രോ, കൊച്ചി സ്മാർട് സിറ്റി മിഷൻ ഓഫീസ്, ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റ് തിരുവനന്തപുരത്തെ ചീഫ് ടൗൺ പ്ലാനറുടെ ഓഫീസ്, സംസ്ഥാനത്തെ മികച്ച നഗരസഭകൾ, തുടങ്ങിയ കേന്ദ്രങ്ങളിൽ സന്ദർശനം നടത്തിയ പുതിയ സെക്രട്ടറിമാർ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി.

വനിതാദിനത്തോടനുബന്ധിച്ച് കൊട്ടാരക്കര കില സി.എച്ച്.ആർ.ഡിയിൽ
സംഘടിപ്പിച്ച ശില്പശാലയുടെ ഉദ്ഘാടനച്ചടങ്ങ്

കേരളത്തിലെ അധികാരവികേന്ദ്രീകരണം പഠിക്കാൻ മഹാരാഷ്ട്രയിലെ ജനപ്രതിനിധികളെത്തി

മഹാരാഷ്ട്രയിലെ ഔറംഗബാദ് ഡിവിഷനിൽപെട്ട ഏഴു ജില്ലകളിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കിലയിലെത്തി. ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസർമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. മഹാരാഷ്ട്ര സർക്കാരിന്റെ പൂനയിലെ പരിശീലന കേന്ദ്രമായ യശ്വന്തറാവു ചവാൻ അക്കാദമി ഫോർ ഡെവലപ്മെന്റ് അഡ്മിനിസ്ട്രേഷനിലെ ഉദ്യോഗസ്ഥരും 40 അംഗ സംഘത്തിലുണ്ടായിരുന്നു. സന്ദർശകർക്കുവേണ്ടി കിലയിൽ സംഘടിപ്പിച്ച അഞ്ചുദിവസത്തെ പരിശീലനപരിപാടി കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കില പ്രൊഫ.ഡോ.സണ്ണി ജോർജ്, കോർഡിനേറ്റർമാരായ പ്രൊഫ.ടി.രാഘവൻ, പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. കേരളത്തിലെ ജനാധിപത്യ അധികാരവികേന്ദ്രീകരണം, തദ്ദേശഭരണസ്ഥാപനങ്ങൾക്കു കൈമാറിയ ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം, ധനകാര്യവികേന്ദ്രീകരണം, പങ്കാളിത്ത ആസൂത്രണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിദഗ്ദ്ധർ ക്ലാസ്സെടുത്തു. അടിമാലി ഗ്രാമപഞ്ചായത്ത്, ദേവികുളം ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ സംഘം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീജ ജോർജ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.സുന്ദരം, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് എന്നിവരുമായി ചർച്ച നടത്തി.

കിലയുടെ വികസന പദ്ധതികൾക്കു അനുമതി

കില സർക്കാരിനു സമർപ്പിച്ച 2410 ലക്ഷം രൂപയുടെ വിവിധ വികസനപദ്ധതികൾക്കു ഭരണാനുമതി ലഭിച്ചു. കാര്യശേഷി വികസനം, റിസർച്ച് സ്റ്റഡി ആന്റ് ഇവാല്യുവേഷൻ, ഡോക്യുമെന്റേഷൻ, ഡിസ്സെമിനേഷൻ, നോളജ് മാനേജ്മെന്റ്, കില കേന്ദ്രങ്ങളുടെ വികസനം എന്നിവയ്ക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾക്കു 2019-20 സാമ്പത്തികവർഷത്തിൽ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി സർക്കാർ ഭരണാനുമതി നൽകുകയായിരുന്നു.

ഗ്രാമപഞ്ചായത്തുകളിലെ സേവനങ്ങൾ: രണ്ടാംഘട്ട പരിശീലനം തുടങ്ങി

ഗ്രാമപഞ്ചായത്തുകളിൽനിന്നു നൽകുന്ന സേവനങ്ങളും അവയുടെ നിബന്ധനകളും സംബന്ധിച്ച് എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള രണ്ടാംഘട്ട ദ്വിദിന പരിശീലനപരിപാടി തുടങ്ങി. ഫെബ്രുവരി 5 നു തുടങ്ങിയ പരിശീലനപരിപാടി സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിലാണ് സംഘടിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽനിന്നു നൽകുന്ന സേവനങ്ങൾ ഒരേ രീതിയിൽ എല്ലാ സ്ഥലത്തും സമയബന്ധിതമായി ലഭ്യമാക്കുവാൻ പരിശീലനപരിപാടി ലക്ഷ്യമിടുന്നു. തുടർന്ന് പഞ്ചായത്തുകളിലെ പൊതുജനങ്ങൾക്കും പരിശീലനം നൽകുന്നതിനു ഉദ്ദേശിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽനിന്നു നൽകുന്ന വിവിധ സേവനങ്ങൾ അവകാശങ്ങളായി മാറുന്ന ഈ കാലഘട്ടത്തിൽ ആസൂത്രണം ചെയ്തിരിക്കുന്ന ഈ പരിശീലനം വലിയൊരു ബഹുജന വിദ്യാഭ്യാസ പരിപാടിയാണ്.

2018 ആഗസ്റ്റ് മാസത്തിൽ ആരംഭിച്ച പരിശീലനത്തിന്റെ ആദ്യഘട്ടം മൂന്നുകേന്ദ്രങ്ങളിലായി പൂർത്തിയാക്കി. കിലയ്ക്കു പുറമെ പത്തനംതിട്ടയും കോഴിക്കോടുമായിരുന്നു മററു പരിശീലനകേന്ദ്രങ്ങൾ. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ്/വൈസ്പ്രസിഡന്റ്, സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക്, രജിസ്ട്രേഷൻ ലൈസൻസ് തുടങ്ങിയവ കൈകാര്യംചെയ്യുന്ന രണ്ടു ക്ലാർ ക്കുമാർ എന്നിവരടങ്ങിയ അഞ്ചുപേരുടെ ഒരു ടീമാണ് പരിശീലനത്തിൽ പങ്കെടുത്തത്. ഈസ് ഓഫ് ഡുയിംഗ് ബിസിനസ്സ്, കെട്ടിടനിർമ്മാണ ചട്ടങ്ങൾ, രജിസ്ട്രേഷൻ തുടങ്ങിയവയിൽ വന്ന ആനുകാലിക മാറ്റങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് കില തയ്യാറാക്കിയ കൈപ്പുസ്തകത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പരിശീലനം. ഗ്രാമപഞ്ചായത്തുകളിലെ എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഈ പരിശീലനം നൽകണമെന്ന ആദ്യഘട്ട പരിശീലനത്തിൽ പങ്കെടുത്തവരുടെ നിർദ്ദേശം പരിഗണിച്ചാണ് രണ്ടാംഘട്ട പരിശീലനം തുടങ്ങിയത്.

കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, കോർഡിനേറ്റർ എം. രേണുകുമാർ എന്നിവർ നേതൃത്വം നൽകി.

ചോദ്യങ്ങൾക്കു മറുപടി

? വിവാഹം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാൻ എന്തൊക്കെ നടപടിക്രമങ്ങളാണ് വേണ്ടത്?

● തദ്ദേശസ്വയംഭരണസ്ഥാപന അതിർത്തിക്കുള്ളിൽ വച്ചു നടന്ന വിവാഹം ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നതിനു നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ (ഫോറം നമ്പർ1) രണ്ടു പകർപ്പുകൾ സഹിതം തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിക്കു അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖകളായ എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പ് /ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് /ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് / പാസ്പോർട്ടിന്റെ പകർപ്പ്/സ്കൂൾ പ്രവേശനത്തിന്റെ പകർപ്പ് എന്നിവയിൽ ഏതെങ്കിലുമൊന്ന് ആധികാരിക രേഖയായി നൽകണം. പാസ്പോർട്ട് സൈസ് ഫോട്ടോ രണ്ട് സെറ്റ് വിവാഹം നടന്നതിന്റെ തെളിവായി മതാധികാരസ്ഥാപനത്തിന്റെ അല്ലെങ്കിൽ സ്റ്റാറ്റ്യൂറ്ററി ഓഫിസറുടെ സാക്ഷ്യപത്രം, അല്ലെങ്കിൽ എം.പി. എം.എൽ.എ, പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ നഗരസഭ കൗൺസിലർ, ഗസറ്റഡ് ഓഫീസർ എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രം (ഫോറം നമ്പർ 11 ൽ). എന്നിവയാണ് നൽകേണ്ടത്. രജിസ്ട്രേഷൻ ഫീസായി 100 രൂപ അടയ്ക്കണം. (രജിസ്ട്രേഷൻ ഫീസായി എസ്.സി. എസ്.ടി. ബി.പി.എൽ വിഭാഗങ്ങൾക്കു 10 രൂപ അടച്ചാൽ മതി. 45 ദിവസം കഴിഞ്ഞാൽ 100 രൂപ പിഴ കൂടി അടയ്ക്കണം. വരനും വധുവും നേരിട്ട് ഹാജരായി രജിസ്റ്ററിൽ ഒപ്പുവയ്ക്കണം. അപേക്ഷിക്കുന്ന മെമ്മോറാണ്ടത്തിൽ രണ്ടു സാക്ഷികൾ ഒപ്പുവച്ചിരിക്കണം. വധൂവരന്മാർ ഒരാൾ പ്രവാസിയാണെങ്കിൽ അയാളുടെ പാസ്പോർട്ടിന്റെ പകർപ്പും വിദേശത്ത് താമസിക്കുന്ന വിലാസവും സെക്യൂരിറ്റി നമ്പറും കൂടി നൽകേണ്ടതാണ്. (2008 ലെ കേരള പൊതു വിവാഹ ചട്ടങ്ങൾ കാണുക)

ചോദ്യങ്ങൾക്ക് മറുപടി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

? രണ്ടു സ്റ്റാൻഡിംഗ് കമ്മിറ്റികൾ തമ്മിൽ തർക്കം ഉണ്ടായാൽ അതു തീർക്കാൻ എവിടെയാണ് നടപടി സ്വീകരിക്കേണ്ടത്?

● സ്റ്റാൻഡിംഗ് കമ്മിറ്റികളെ തമ്മിൽ ഏകോപിപ്പിച്ചു കൊണ്ടുപോകാൻ ഇടപെടേണ്ടതും ഒരുമിച്ചു കൊണ്ടുപോയി തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ചുമതലകൾ സുഗമമായി നടത്തുവാൻ നടപടി സ്വീകരിക്കാനും സ്റ്റീയറിംഗ് കമ്മിറ്റിക്കു കഴിയും. (കേരള പഞ്ചായത്ത് രാജ് ആക്ട് സെ.162 ബി. കാണുക)

? വ്യാപാര വ്യവസായസ്ഥാപനങ്ങൾ തുടങ്ങുന്നതിനു ഡി.എം.ഒയുടെ എൻ.ഒ.സി നിർബന്ധമാണോ?

● വ്യാപാരവ്യവസായ സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ ഡി.എം.ഒയുടെ എൻ.ഒ.സി ആവശ്യമില്ല. എന്നാൽ ആശുപത്രി, ക്ലിനിക്ക്, ക്ലിനിക്കൽ ലബോറട്ടറി, പാരാമെഡിക്കൽ സ്ഥാപനങ്ങൾ മറ്റ് ആരോഗ്യസ്ഥാപനങ്ങൾ എന്നിവ തുടങ്ങാൻ എൻ.ഒ.സി വേണം. (29.3.2019 ലെ സർക്കുലർ നമ്പർ 75/ആർ.ഡി.3/20.9.19. തസ്വഭവ.

? പട്ടികജാതി-പട്ടികവർഗ്ഗ വിധവകളുടെ പെൺകുട്ടികൾക്കു വിവാഹത്തിനു എത്ര തുകവരെ ധനസഹായം അനുവദിച്ചുകിട്ടും?

● പട്ടികജാതി-പട്ടികവർഗ്ഗ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനു 75,000/- രൂപ നിരക്കിൽ വിവാഹധനസഹായം നൽകാവുന്നതാണ്. വിവാഹത്തിനു 15 ദിവസം മുമ്പോ വിവാഹശേഷം 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. (സ.ഉ. (കൈ)22/2018.തസ്വഭവ. തീയതി.14.2.18 ഖണ്ഡിക.7.2.3)

കിലയിൽ ജനപ്രതിനിധകൾക്കാരംഭിച്ച ഡിപ്ലോമ കോഴ്സിന്റെ ഉദ്ഘാടനച്ചടങ്ങ്

ജനപ്രതിനിധികൾക്കു ഡിപ്ലോമ കോഴ്സ്

ബാലസൗഹൃദ തദ്ദേശഭരണത്തിൽ ജനപ്രതിനിധികൾക്കുള്ള ആറുമാസത്തെ ഡിപ്ലോമ കോഴ്സിനു കിലയിൽ തുടക്കമായി. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം. രാജ്, എം. ജി. കാളിദാസൻ, ഭാസ്കരൻ പള്ളിക്കര എന്നിവർ സംസാരിച്ചു. കുട്ടികളുടെ അവകാശങ്ങളും അതിന്റെ പ്രായോഗികതകളും എല്ലാ മേഖലയിലും ഉറപ്പുവരുത്താൻ ജനപ്രതിനിധികളെ പ്രാപ്തരാക്കുകയാണ് കോഴ്സിന്റെ ലക്ഷ്യം. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് സാമൂഹ്യ-രാഷ്ട്രീയ ചർച്ചകളിൽ ഉന്നയിക്കാൻ ജനപ്രതിനിധികൾ തയ്യാറാകണമെന്നു ഉദ്ഘാടനപ്രസംഗത്തിൽ കില ഡയറക്ടർ നിർദ്ദേശിച്ചു. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലേയും നഗരസഭകളിലേയും കോർപ്പറേഷനുകളിലേയും 45 ജനപ്രതിനിധികളാണ് കോഴ്സിൽ ചേർന്നിട്ടുള്ളത്. മാസത്തിൽ മൂന്നുദിവസം കിലയിൽ താമസിച്ച് ക്ലാസ്സിൽ പങ്കെടുക്കണം. പഠനപര്യടനവും കോഴ്സിന്റെ ഭാഗമായിട്ടുണ്ടാകും. 240 അപേക്ഷകരിൽനിന്ന് എഴുത്തുപരീക്ഷയ്ക്കും അഭിമുഖത്തിനും ശേഷമാണ് 45 പേരെ തെരഞ്ഞെടുത്തത്. ജനപ്രതിനിധികൾക്കു കില സംഘടപ്പിക്കുന്ന ഡിപ്ലോമ കോഴ്സിന്റെ രണ്ടാമത്തെ ബാച്ചാണിത്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും വിദ്യാഭ്യാസവികസനവും

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു ഏൽപ്പിച്ചിട്ടുള്ള ചുമതലകളിൽ മേഖലാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തിയിട്ടുള്ള പ്രധാന ചുമതലയാണ് വിദ്യാഭ്യാസവികസനം. സാക്ഷരതാപരിപാടികൾ സംഘടിപ്പിക്കൽ, സർക്കാർ സ്കൂളുകൾ, വായനശാലകൾ, ഗ്രന്ഥശാലകൾ, സർക്കാർ വ്യവസായ പരിശീലനകേന്ദ്രങ്ങൾ, സർക്കാർ സാങ്കേതിക സ്ഥാപനങ്ങൾ, തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രൾ, പോളിടെക്നിക്കുകൾ എന്നിയുടെ നടത്തിപ്പ്, വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്ര-സംസ്ഥാന സ്പോൺസേർഡ് പരിപാടികളുടെ ഏകോപനം തുടങ്ങിയവ ഓരോ പഞ്ചായത്തിന്റെയും നിക്ഷിപ്ത ചുമതലകളിൽപ്പെടുത്തി പഞ്ചായത്ത്രാജ് നിയമത്തിൽ തന്നെ വിഭാവനം ചെയ്തിട്ടുള്ളതാണ്. തദ്ദേശഭരണസ്ഥാപനങ്ങളുടെ വിദ്യാഭ്യാസവികസന പ്രോജ്ക്ടുകൾ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന മിഷനിൽ പെടുത്തി രൂപീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്കു ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനു മുൻഗണന നൽകണം. അതേപോലെ നിശ്ചിത തുക എസ്.എസ്.എ പദ്ധതികൾക്കു വകയിരുത്തുകയും വേണം. പഠനനിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മകശേഷി വികസിപ്പിക്കുക എന്നിവയ്ക്കു ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ കാര്യത്തിൽ ആവശ്യമായ ഭൗതിക സൗകര്യവും ശുചിത്വവും ഉറപ്പാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. അടുക്കള, സംഭരണമുറി എന്നിവ ഏർപ്പെടുത്തണം. ഫർണിച്ചറിനു മുൻഗണന നൽകണം. സർക്കാർ സ്കൂളിലെ ഏഴാംക്ലാസ്സുവരെയുള്ള കുട്ടികൾക്കു പ്രഭാതഭക്ഷണം ഏർപ്പെടുത്താവുന്നതാണ്. എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡത്തിലുള്ള യൂറിനലുകളും ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയശേഷം എയ്ഡഡ് സ്കൂളുകളിൽ ആ സൗകര്യം ചെയ്തു നൽകാം. സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം. അതുപോലെ ഗ്രന്ഥശാലകൾക്കും ഭൗതികസൗകര്യങ്ങൾ ഒരുക്കണം. ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്കു ഫർണിച്ചർ, കെട്ടിടം എന്നിവ ഏർപ്പെടുത്താൻ ജില്ല-ബ്ലോക്ക് പഞ്ചായത്തുകൾക്കു കഴിയും. സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു ആവശ്യമായ സൗകര്യങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. സാമൂഹ്യനീതി വകുപ്പു നടപ്പാക്കുന്ന നിർഭയ പദ്ധതിപ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ തായ്ക്കൊണ്ട, ജൂഡോ, കരാട്ടെ, യോഗ തുടങ്ങിയവ, സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള അധ്യാപകരെ നിയോഗിച്ച് ഹൈസ്കൂൾ-ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പാക്കാൻ ജില്ലാപഞ്ചായത്തിനു കഴിയും.

സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ യോഗ്യതയുള്ള ലൈബ്രേറിയൻമാരെ കരാർ വ്യവസ്ഥയിൽ നിയമിച്ച് പത്തുമാസത്തേക്കു വേതനം നൽകാം. അതിനു ജില്ലാപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ടുകൾ വയ്ക്കാം. ജില്ലാപഞ്ചായത്തിന്റെയും നഗരസഭകളുടേയും കീഴിലുള്ള സ്കൂളുകളിൽ കായിക അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാം. ബി.പി.എസ്/എം.പി.എസ് തതുല്യ യോഗ്യതയുള്ളവർക്കു പത്തുമാസത്തേക്കു 10,000/-രൂപ വീതം വേതനം നൽകാവുന്നതാണ്.

ജീവിതവിജയത്തിന്റെ നല്ല പാഠങ്ങൾ കുട്ടിക്കാലത്തു തന്നെ അഭ്യസിക്കാൻ അവസരം ലഭ്യമാക്കുന്നതിനു ആവശ്യമായ പരിശീലനം കുട്ടികൾക്കു നൽകണം. കുട്ടികൾ നട്ടെല്ലുനിവർന്ന്, നെഞ്ചുവിരിച്ച്, ശിരസ്സുയർത്തി ബെഞ്ചിലിരുന്ന് പഠിക്കാൻ കഴിഞ്ഞാൽ അവർ ശ്വസിക്കുന്ന വായുവിലൂടെ ലഭിക്കുന്ന ഓക്സിജൻ തലച്ചോറുൾപ്പെടെ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും പൂർണ്ണ തോതിൽ എത്തിച്ചേർന്ന് അവർ എപ്പോഴും ഊർജ്ജസ്വലരായിരിക്കും. ഇങ്ങനെ കുട്ടി ഇരിക്കണമെങ്കിൽ അവനു കായികക്ഷമത ഉണ്ടായിരിക്കണം. കുട്ടികൾക്കു താൽപര്യത്തോടെ ചെയ്യാൻ കഴിയുന്ന കളികളിലൂടെ ശാസ്ത്രീയമായ വ്യായാമമുറകൾ ചെയ്യാൻ അവസരം നൽകണം. ഇതിനാവശ്യമായ ഉപകരണങ്ങൾ, സ്പോർട്സ് ഉപകരണങ്ങൾ എന്നിവ സ്പോർട്സ് അക്കാദമിയുടെ സഹായത്തോടെ ലഭ്യമാക്കാനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കും ഏറ്റെടുക്കാം. ബ്ലോക്ക്പഞ്ചായത്തിനും ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ ഏറ്റെടുക്കാം.

സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന എല്ലാ തരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്കു സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെ എല്ലാ വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പ് നൽകാം. ഓരോ കോഴ്സിനും നൽകേണ്ട തുകയുടെ വിശദാംശങ്ങൾ സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട മെറിറ്റോറിയസ് വിദ്യാർത്ഥികൾക്കു ദേശീയ-അന്തർദ്ദേശീയ സർവകലാശാലകളിൽ പ്രവേശനം ലഭിച്ചാൽ അവർക്കുള്ള ചെലവകൾക്കു ധനസഹായം നൽകാവുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു 5,000/- രൂപ വരെ വിലവരുന്ന മേശയും കസേരയും വാങ്ങി നൽകാം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട ബിരുദം, ബിരുദാനന്തര ബിരുദം, എഞ്ചിനിയറിംഗ്, മെഡിസിൻ, ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കു 30,000/- രൂപ വരെ വില വരുന്ന ലാപ്ടോപ് വാങ്ങി നൽകാം. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യമുണ്ടെങ്കിൽ പഠനമുറി നിർമ്മിച്ചു നൽകാവുന്നതാണ്. നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോടു ചേർന്നാണ് 120 ചതുരശ്ര അടിയിൽ കവിയാത്ത മുറി നിർമ്മിച്ചു നൽകേണ്ടത്. ഇതിനു രണ്ടുലക്ഷംരൂപ വരെ തദ്ദേശസ്ഥാപനങ്ങൾക്കു ചെലവഴിക്കാം. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ആവശ്യമെങ്കിൽ സാമൂഹ്യപഠനകേന്ദ്രം നിർമ്മിച്ചു പഠനസൗകര്യം ഉറപ്പാക്കാം. ഇതു കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു കരിയർ ഗൈഡൻസ് ക്ലാസ്സുകൾ/മോട്ടിവേഷൻ ക്ലാസ്സുകൾ എന്നിവയും നടത്താവുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു കലാ-കായിക മത്സരങ്ങളിൽ ജില്ല-സംസ്ഥാനതലത്തിൽ മികവുനേടിയവർക്കു തയ്യാറെടുപ്പിനും യാത്രാകൂലിക്കും ധനസഹായം നൽകാവുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കു ബിരുദതലം മുതൽ ഉന്നത തലം വരെ പഠിക്കുന്നവർക്കു ലാപ്ടോപുകൾ വാങ്ങി നൽകാം. അതുപോലെ വിദ്യാർത്ഥികൾക്കു മേശയും കസേരയും വാങ്ങി നൽകാനും പദ്ധതി വയ്ക്കാം.

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനും വിദ്യാഭ്യാസത്തിനുമായി കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷൽ സ്കൂളുകൾ സ്ഥാപിക്കാവുന്നതുമാണ്. ഇപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞം എന്ന മിഷൻ പ്രവർത്തനം കൂടുതൽ ഫലവത്താക്കാനും അതുവഴി വിദ്യാഭ്യാസരംഗത്ത് വൻ മാറ്റങ്ങൾ ഉണ്ടാക്കാനും കഴിയും.

വി.ജി.ശശിധരൻ

കിലയിൽനിന്ന് വിരമിച്ച എസ് ജയദേവനു നൽകിയ യാത്രയയ്പ്പു യോഗത്തിൽ
കില ഡയറക്ടർ **ഡോ. ജോയ് ഇളമൺ** ഉപഹാരം നൽകുന്നു

ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ബോധവൽക്കരണ സെമിനാറിൽ
കേരള എനർജി മാനേജ്മെന്റ് സെന്ററിലെ **ഡോ.ജോബി പോൾ** സംസാരിക്കുന്നു

ഊർജ്ജസംരക്ഷണം: കിലയിൽ ബോധവൽക്കരണ സെമിനാർ

പരമാവധി ഉപയോഗം കുറയ്ക്കലാണ് ഊർജ്ജസംരക്ഷണത്തിനു എളുപ്പമാർഗ്ഗമെന്നു കേരളഎനർജി മാനേജ്മെന്റ് സെന്ററിലെ ഡോ.ജോബി പോൾ പറഞ്ഞു. ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഊർജ്ജ കിരൺ ബോധവൽക്കരണ സെമിനാറിൽ വിഷയാവതരണം നടത്തുകയായിരുന്നു അദ്ദേഹം. ഊർജ്ജ ഉപയോഗം കുറച്ചില്ലെങ്കിൽ ഭാവിയിൽ നാം ഗുരുതരമായ ഭവിഷ്യത്ത് നേരിടേണ്ടിവരും. വരുംതലമുറയ്ക്കുവേണ്ടി നാം ഊർജ്ജം സംരക്ഷിക്കണം. അതു സമൂഹത്തിനും ആവശ്യമാണ്. പ്രകൃതി സംരക്ഷണവും ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമാണ്. പ്ലഗുകൾ ഉപയോഗം കഴിഞ്ഞാൽ ഓഫ് ചെയ്യുക, ഫ്രിഡ്ജിൽ ഐസ്കട്ടിയായി പിടിക്കാതിരിക്കാൻ ശ്രദ്ധിക്കുക, ഓട്ടോമാറ്റിക് ഇസ്തിരിപ്പെട്ടി ഉപയോഗിക്കുക, ആവശ്യമില്ലാത്ത ഫാനുകളും ലൈറ്റുകളും ഒഴിവാക്കുക, ബൾബുകളും ഷേയ്ഡുകളും വൃത്തിയായി സൂക്ഷിക്കുക തുടങ്ങിയവ ഊർജ്ജസംരക്ഷണത്തിനു അത്യാവശ്യമാണ്. കഴിയുന്നതും പകൽ വെളിച്ചം ഉപയോഗിക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷനായിരുന്നു. കോളേജ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവി ഡോ. വി.എം. ചാക്കോ, ഊർജ്ജ കിരൺ കോർഡിനേറ്റർ ഡോ.റാണി സെബാസ്റ്റ്യൻ, ഒ.എസ് മിറാഷ് എന്നിവർ സംസാരിച്ചു. എനർജി മാനേജ്മെന്റ് സെന്റർ, കേരള സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡവലപ്മെന്റ്, തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, കില എന്നിവയുടെ സംയുക്താഭിമുഖ്യത്തിന് സെമിനാർ സംഘടിപ്പിച്ചത്.

നികുതിപിരിവിലും തദ്ദേശസ്ഥാപനങ്ങൾ റെക്കോർഡ് സൃഷ്ടിച്ചു

നികുതിപിരിവിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ റെക്കോർഡ് സൃഷ്ടിച്ചു. 88 ശതമാനം നികുതി പിരിച്ച പഞ്ചായത്ത്വകുപ്പ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന നേട്ടംകൈവരിച്ചു. ഒരു വർഷം പിരിക്കേണ്ട 528.79 കോടി രൂപയിൽ 464.64 കോടി രൂപയും പിരിച്ചെടുത്തു. 509 ഗ്രാമപഞ്ചായത്തുകൾ 100 ശതമാനമാണ് നികുതി പിരിച്ചത്. 2017-18 ൽ 329 ഗ്രാമപഞ്ചായത്തുകൾ ഈ നേട്ടം കൈവരിച്ചിരുന്നു. കോർപ്പറേഷനുകളിൽ 96.98 ശതമാനം നികുതി പിരിച്ച് തൃശ്ശൂർ ഒന്നാമതെത്തി. രണ്ടാമതു തിരുവനന്തപുരവും മൂന്നാമതു കോഴിക്കോടുമാണ്. നഗരസഭകളിൽ ഏറ്റുമാനൂർ 100 ശതമാനം നികുതി പിരിച്ചെടുത്ത് ഒന്നാമതെത്തി. ചേർത്തല, കൊയിലാണ്ടി നഗരസഭകളാണ് രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തിയത്. 27 നഗരസഭകൾ 90 ശതമാനത്തിലധികം നികുതി പിരിച്ചു. സർക്കാരിന്റെ നിരന്തര ഇടപെടലും ജാഗ്രതയോടെയുള്ള പ്രവർത്തനവുമാണ് പ്രളയത്തിനു ശേഷമുണ്ടായ പ്രതിസന്ധികൾക്കിടയിലും നേട്ടത്തിനിടയാക്കിയത്. ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും ഒത്തൊരുമിച്ച പ്രവർത്തനവും ഗുണം ചെയ്തു.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**